DR. SURESH ADVANI'S
SMITA MEMORIAL
HOSPITAL AND RESEARCH CENTRE

04862 208000, 350700, +91 9496143852
SH8, Vengalloor, Thodupuzha, Kerala - 685608
info@smitahospital.com I www.smitahospital.com

# പ്രവർത്തനമികവുമായി തൊടുപുഴ സ്മിതാ മെമ്മോറിയൽ ഹോസ്പിറ്റൽ മൂന്നാം വർഷത്തിലേക്ക്

തൊടുപുഴ: ജില്ലയുടെ ആരോഗ്യരംഗത്ത് കാതലായ മാറ്റങ്ങൾ സംഭാവന ചെയ്തുകൊണ്ട് തൊടുപുഴ സ്മിതാ മെമ്മോറിയൽ ഹോസ്പിറ്റൽ മൂന്നാം വർഷത്തിലേക്ക്. ആശുപത്രിയുടെ രണ്ടാം വാർഷികാഘോഷം ഇന്ന് നടക്കും. സിനിമാതാരം രമേഷ് പിഷാരടി വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. ഇടുക്കി എസ് പി. വി.യു. കുര്യാക്കോസ് മുഖ്യാതിഥി ആയിരിക്കും. സിനിമാ സീരിയൽ താരം സീമാ.ജി. നായർ, സ്മിതാ ഹോസ്പിറ്റൽ ചെയർമാൻ ഡോ. സുരേഷ് അദ്വാനി , വൈസ് ചെയർമാൻ ഗീതാ സുരേഷ് അദ്വാനി, ഭരണ, സാമൂഹിക, സാംസ്കാരിക മേഖലയിൽ നിന്നുള്ള പ്രമുഖർ തുടങ്ങിയവർ വാർഷികാഘോഷ പരിപാടിയിൽ പങ്കെടുക്കും.

അതിനൂതന സാങ്കേതിക സൌകര്യങ്ങളോടൊപ്പം പ്രഗത്ഭരായ ഡോക്ടർമാരുടേയും മെഡിക്കൽ ടീമിന്റെയും സാങ്കേതിക വിദഗ്ധരുടേയും പ്രൊഫഷണലുകളുടേയും കൂട്ടായസേവനവും കാര്യക്ഷമതയും സ്മിതാ മെമ്മോറിയൽ ഹോസ്പിറ്റലിനെ മറ്റ് ആരോഗ്യസേവന ദാതാക്കളിൽനിന്ന് വ്യത്യസ്ഥരാക്കുന്നു. എട്ട് ഓപ്പറേഷൻ തീയറ്ററുകൾ, 64 ഇന്റൻസീവ് കെയർ യൂണിറ്റുകൾ, അത്യാധുനിക ഇന്റർവെൻഷണൽ കാത്ത് ലാബുകൾ, ലേബർ സ്യൂട്ടുകൾ, അത്യാഹിത വിഭാഗം, എൻഡോസ്കോപി, ഇ.ആർ.സി.പി സ്യൂട്ടുകൾ, പി.എഫ്.ടി ലാബുകൾ, ഡേ കെയർ സെന്റർ, റേഡിയോളജി, ഡയാലിസിസ് യൂണിറ്റ് തുടങ്ങി വിപുലമായ സൗകര്യങ്ങളാണ് സ്മിതാ ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുള്ളത്. എളുപ്പത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനുവേണ്ടി ലാബ്, ഫാർമസി സേവനങ്ങളിൽ ന്യൂമാറ്റിക് പ്രോസസ് ഫ്ളോ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പത്മഭൂഷൺ ജേതാവും ഇന്ത്യയിലെ തന്നെ മുൻനിര ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ വിദഗ്ദ്ധനുമായ ഡോ. സുരേഷ് അദ്വാനിയാണ് സ്മിതാ ആശുപത്രിയുടെ ചെയർമാൻ.

ഇന്ത്യയിലാദ്യമായി വിജയകരമായി ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ നടത്തിയ ഡോക്ടറാണ് ഡോ. അദ്വാനി. ഇടുക്കി ജില്ലയിലെ എൻഎബിഎച്ച് അക്രിഡിറ്റേഷനുള്ള ആശുപത്രിയാണ് സ്മിതാ മെമ്മോറിയൽ ഹോസ്പിറ്റൽ. കാർഡിയോ തൊറാസിക് വാസ്കുലാർ സർജറി യൂണിറ്റ്, ഗ്രീൻ ഓപ്പറേഷൻ തീയേറ്റർ, റൊട്ടാഅബ്ലേഷൻ, ന്യൂജനറേഷൻ ബയോ അബ്സോർബബിൾ കൊറോണറി സ്റ്റെന്റിങ്, ലീഡ് ലെസ് പേസ് മേക്കർ, ഇൻട്രാകാർണിയൽ അന്യൂറിസം കോയിലിങ്ങ് തുടങ്ങി ഏകദേശം 19 സേവനങ്ങൾ ഇടുക്കി ജില്ലയിൽ ആദ്യമായി നടപ്പിലാക്കിയത് സ്മിതാ മെമ്മോറിയൽ ആശുപത്രിയാണ്.

ഇതോടൊപ്പം തന്നെ ഓർത്തോപീഡിക്സ്, ഇ.എൻ.ടി, ന്യൂറോളജി, കാർഡിയോളജി വിഭാഗങ്ങളിലായി ഏകദേശം 30 ൽ പരം അതിസങ്കീർണമായ ശസ്ത്രക്രിയകളും സ്മിതാ മെമ്മോറിയൽ ആശുപത്രിയിൽ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്നുമാസത്തിനിടയിൽ ഏകദേശം 13 ഓളം കാർഡിയാക് സർജറികളാണ് സ്മിതാ മെമ്മോറിയൽ ആശുപത്രിയിൽ വിജയകരമായി പൂർത്തിയാക്കിയത്.

MAGZTER

MAGZTER
Clipped from - Mangalam Daily Idukki - October 07, 2023
Read it digitally on the Magzter app